പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6091 09.07.13-ലെ മറുപടിയ്ക്ക്

## സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടി

ചോദ്യം

ശ്രീ. സി.പി. മുഹമ്മദ്

'' റ്റി. എൻ. പ്രതാപൻ

'' എ. പി. അബ്ദുള്ളക്കുട്ടി

'' ബെന്നി ബെഹനാൻ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) | സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് അവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. |
| (ബി) | ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) & (സി) | ഉണ്ട്. സംസ്ഥാന പരിശീലന നയം പരിഷ്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തോട് ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ആഫീസർ